പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2672

14/02/2013-ൽ
മറുപടിയ്ക്ക്

## ശബരിമലയിൽ സീറോ വേസ്റ്റ് പദ്ധതി

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. കെ. മുരളീധരൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ശബരിമലയിൽ സീറോ വേസ്റ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ശബരിമല തീർത്ഥാടന കാലത്തും തുടർന്നും ഉണ്ടാകുന്ന ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനായി 'സീറോ വേസ്റ്റ് ശബരിമല' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മാലിന്യമുക്ത ശബരിമല എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കി വരുന്നത്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും പരിസര പ്രദേശങ്ങളിലും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ അപ്പപ്പോൾ തന്നെ നീക്കം ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിലേക്കാവശ്യമായ സാധന സാമഗ്രികൾ, വാഹനങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. |
| സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്? | സി) | 1) ശബരിമല സാനിറ്റേഷൻ സൊസൈറ്റി<br>2) സത്യസായി സേവ സമിതി<br>3) അയ്യപ്പ സേവാ സംഘം<br>4) മാതാ അമൃതാനന്ദമയീമഠം<br>5) നാഷണൽ സർവ്വീസ് സ്കീം<br>6) വന സംരക്ഷണ സമിതി<br>7) നെഹ്റു യുവ കേന്ദ്ര<br>8) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ<br>9) പോലീസ്, ദേവസ്വം തുടങ്ങിയ വിവിധ വകുപ്പുകൾ |

സെക്ഷൻ ഓഫീസർ